(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

ആസ്തിവികസനഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

293 (7284) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലം ആസ്തി വികസനഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി മണ്ഡലത്തിൽ ഏതൊക്കെ നിർമ്മാണപ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് ; പ്രവൃത്തികളുടെ പേരും തുകയും സഹിതം വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതൊക്കെ നിർമ്മാണപ്രവൃത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത് ; ഇനിയും ടെണ്ടർ ചെയ്യാനുള്ള പ്രവൃത്തികൾ ഏതൊക്കെയൊണെന്ന് വ്യക്തമാക്കുമോ ;

(സി) ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഏതൊക്കെയാണ് കരാറുകാർ ഏറ്റെടുത്തിട്ടുള്ളതെന്നും ഓരോ പ്രവൃത്തിയുടേയും നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ഡി) ഏതൊക്കെ പ്രവൃത്തികളാണ് ഇനിയും ഏറ്റെടുക്കാനുള്ളതെന്നും ; ഇവയുടെ നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) നിയോജക മണ്ഡലം ആസ്തി വികസനഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി മണ്ഡലത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയും കെട്ടിട വിഭാഗത്തിന്റെ കീഴിൽ ലഭിച്ച നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു. അതിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ എല്ലാ പദ്ധതികളും കെട്ടിട വിഭാഗത്തിൽകീഴിൽ അയിരൂർ ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് കോളേജിലെ നിർമ്മാണ പ്രവർത്തനം ഒഴികെയുള്ള മറ്റെല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്തിട്ടുണ്ട്.*

(സി) ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ കരാറുകാർ ഏറ്റെടുത്തിട്ടുള്ള ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. *

(ഡി) ഇനിയും ഏറ്റെടുക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു. ഇവയ്ക്ക് ഭരണാനുമതി നൽകാനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly